സി. എം. ഐ

സന്യാസ സഹോദരന്മാരുടെ

സമൂഹചരിത്രം

/255.7314
സോI

സി. എം. ഐ.

സഹായസഹോദരന്മാരുടെ

# സമൂഹ പ്രാർത്ഥന

ACHARYA PALACKAL JEEVASS KENDRA
LIBRARY
1313

M/2557314

**Nihil obstat:**

Fr. Abundius, C. M. I.
Fr. Amos, C. M. I.

**Imprimi potest:**

Fr. Maurus, C. M. I.
*Prior General.*

Ernakulam,
10-10-1962.

**Imprimatur:**

Mgr. Paul Vadakkumchery,
*Vicar General.*

Ernakulam,
10-10-1962.

# ആമുഖം

1959 നവംബർ 20 മുതൽ 27 വരെ സമ്മേളിച്ച ന. സ. പൊതുസംഘനിശ്ചയം ല. 7 അനുസരിച്ച് നമ്മുടെ റീത്തിന്റെ ആദർശത്തെ ആസ്പദമാക്കി നമ്മുടെ സഹായസഹോദരന്മാരുടെ ഉപയോഗാർത്ഥം വിരചിതമായ "സമൂഹപ്രാർത്ഥന" 1962 ഒക്ടോബർ 1 മുതൽ സമ്മേളിച്ച ന. സ. അസാ. പൊ. ശ്രേ. സംഘം (യോ. ii, ല. 372) പരിശോധിച്ച് അംഗീകരിച്ചതു് പ്രസിദ്ധീകരിക്കുന്നു.

**വ്യാ. മാ. മാവുരുസ് പട്ടക്കാരൻ,**
**സി. എം. ഐ.**

പ്രിയോർ ജനറാൾ.

പൊ. ശ്രേ. ഭവനം
എർണാകുളം,
10–10–1962.

സി. എം. ഐ.

# സഹായസഹോദരന്മാരുടെ

# സമൂഹ പ്രാർത്ഥന

(സമാധാനം കൊടുത്തു കരിശു വരയ്ക്കുന്നു)

**ആഘോഷക്കാരൻ—** അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി (3 പ്രാവശ്യം).

**സമൂഹം—** ആമ്മേൻ (3 പ്രാവശ്യം).

**ആഘോഷക്കാരൻ—** ഭൂമിയിൽ മനുഷ്യർക്കു സമാധാനവും നല്ല ശരണവും, എപ്പോഴും എന്നേക്കും. ആമ്മേൻ.

**സമൂഹം—** സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ നാമം പരിശുദ്ധമാക്കപ്പെടണം. നിന്റെ രാജ്യം വരണം. നീ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ സ്തുതിയുടെ മഹത്വത്താൽ സ്വർഗ്ഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു. മാലാഖാമാരും മനുഷ്യരും നീ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്നു് ഉദ്ഘോഷിക്കുന്നു. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ

നാമം പരിശുദ്ധമാക്കപ്പെടണം. നിൻെറ രാജ്യം വരണം. നിൻെറ ഇഷ്ടം സ്വർഗ്ഗത്തിലെന്നതുപോലെ ഭൂമിയിലും ആകണം. ഞങ്ങൾക്ക് ആവശ്യകമായ ആഹാരം ഇന്നു ഞങ്ങൾക്കു നല്കണമേ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമേ. ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ. ദുഷ്ടാരൂപിയിൽനിന്നു ഞങ്ങളെ രക്ഷിച്ചുകൊള്ളണമേ. എന്തുകൊണ്ടെന്നാൽ, രാജ്യവും ശക്തിയും മഹത്വവും എന്നേക്കും നിൻേറതാകുന്നു. ആമ്മേൻ.

**ആഘോഷക്കാരൻ**– പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

**സമൂഹം**– ആദിമുതൽ എന്നേക്കും. ആമ്മേൻ.

**സമൂഹം തുടന്ന്**– സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻെറ നാമം പരിശുദ്ധമാക്കപ്പെടണം. നിൻെറ രാജ്യം വരണം. നീ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ, സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ നിൻെറ സ്തുതിയുടെ മഹത്വത്താൽ സ്വർഗ്ഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു. മാലാഖാമാരും മനുഷ്യരും നീ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്ന് ഉദ്ഘോഷിക്കുന്നു.

**സഹായി—** നമുക്കു പ്രാർത്ഥിക്കാം. സമാധാനം നമ്മോടുകൂടെ.

**ആഴ്ചക്കാരൻ—** ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ദൈവമേ, നിന്റെ അനുഗ്രഹത്താൽ ബലഹീനരായ ഞങ്ങളെ ശക്തിപ്പെടുത്തണമേ. നിന്റെ ദിവ്യജ്ഞാനത്താൽ ഞങ്ങളെ പ്രകാശിപ്പിക്കണമേ. നിന്റെ സ്നേഹാഗ്നിയാൽ ഞങ്ങളെ ജ്വലിപ്പിക്കയും ചെയ്യണമേ. ഞങ്ങളുടെ ജീവിതകാലം മുഴുവൻ നിന്നെ വിശ്വസ്തതയോടെ ശുശ്രൂഷിക്കുന്നതിനും സ്തുതിക്കുന്നതിനും ഞങ്ങളെ പ്രാപ്തരാക്കണമേ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ!

**സമൂഹം—** ആമ്മേൻ.

## മമ്മീസാ

*താഴെ കാണുന്ന സങ്കീർത്തനങ്ങൾക്കു മുമ്പായിട്ടുള്ള ആദ്യസങ്കീർത്തനം ഞായറാഴ്ചകൾ തിരുനാളുകൾ കാലങ്ങൾ എന്നിവയ്ക്കനുയോജ്യമായി ചൊല്ലണം. ഈ സങ്കീർത്തനങ്ങൾ ഒടുവിൽ ചേർത്തിരിക്കുന്നതു കാണുക. ആദ്യവാക്യത്തിനുശേഷം മൂന്നു ഹല്ലേലുയാ കൂട്ടിച്ചേർക്കുകയും പിന്നീട് ആദ്യം വാക്യം ആവർത്തിക്കുകയും ഓരോ വാക്യം വീതം മാറി മാറി ചൊല്ലുകയും ചെയ്യുന്നു.*

**ആദ്യസങ്കീർത്തനത്തെ തുടർന്ന് (സങ്കീർത്തനം 100):** അഖിലലോകമേ, കർത്താവിനെ സ്തുതിപ്പിൻ.

സന്തോഷത്തോടുകൂടെ കർത്താവിനു നിങ്ങൾ ശുശ്രൂഷ ചെയ്യുവിൻ. കീർത്തനത്തോടുകൂടെ അവൻെറ മുൻപാകെ നിങ്ങൾ പ്രവേശിപ്പിൻ.

നമ്മുടെ ദൈവമായ കർത്താവ് അവൻ തന്നെ ആകുന്നു എന്നു നിങ്ങൾ അറിയുവിൻ. നാം അല്ല അവനത്രെ നമ്മെ സൃഷ്ടിച്ചതു്. നാം അവൻെറ ജനവും അവൻെറ അജഗണങ്ങളുമാകുന്നു.

അവൻെറ വാതിലുകളിൽ സ്തോത്രത്തോടും അവൻെറ മണ്ഡപങ്ങളിൽ സ്തുതിയോടുംകൂടെ നിങ്ങൾ പ്രവേശിക്കുവിൻ. അവനു സ്തോത്രം ചെയ്തു് അവൻെറ നാമത്തെ വാഴ്ത്തുവിൻ.

എന്തെന്നാൽ കർത്താവു നല്ലവനാകുന്നു. അവൻെറ കരുണ എന്നേക്കും. അവൻെറ വിശ്വസ്തത പുരുഷാന്തരങ്ങളോളം.

(സങ്കീർത്തനം 113): കർത്താവിൻെറ ദാസന്മാരേ! നിങ്ങൾ സ്തുതിക്കുവിൻ, കർത്താവിൻെറ നാമത്തെ നിങ്ങൾ സ്തുതിക്കുവിൻ.

കർത്താവിൻെറ നാമം ആദിമുതൽ എന്നേക്കും വാഴ്ത്തപ്പെട്ടതാകട്ടെ.

സൂര്യോദയം മുതൽ അസ്തമനംവരെയും കർത്താവിൻെറ നാമം വലുതാകുന്നു.

കർത്താവു സകല ജാതികളുടെയുംമേൽ

ഉയൎന്നിരിക്കുന്നു. അവന്റെ മഹത്വം ആകാശമണ്ഡലങ്ങളിൽ.

ഉന്നതത്തിൽ ഇരുന്നു് ആകാശത്തേയും ഭൂമിയേയും പാതാളത്തേയും ദൎശിക്കുന്ന നമ്മുടെ ദൈവമായ കൎത്താവിനു സദൃശൻ ആരു്?

തന്റെ ജനത്തിലെ പ്രധാനികളോടുകൂടെ ഇരുത്തുവാൻവേണ്ടി അവൻ കുപ്പക്കുഴിയിൽനിന്നു് അഗതിയെ ഉയൎത്തും.

(സങ്കീൎത്തനം 116): സകല ജാതികളേ, നിങ്ങൾ കൎത്താവിനെ സ്തുതിക്കുവിൻ. സകല ജനങ്ങളേ, നിങ്ങൾ അവനെ സ്തുതിക്കുവിൻ.

എന്തുകൊണ്ടെന്നാൽ അവന്റെ കരുണ നമ്മുടെമേൽ ശക്തിപ്പെട്ടിരിക്കുന്നു. അവൻ സത്യമായി എന്നേക്കും കൎത്താവാകുന്നു.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

ആദിമുതൽ എന്നേക്കും ആമ്മേൻ.

സംറായി- ഹല്ലേലുയ്യാ, ഹല്ലേലുയ്യാ, ഹല്ലേലുയ്യാ.

നമുക്കു പ്രാൎത്ഥിക്കാം. സമാധാനം നമ്മോടുകൂടെ.

ശുശ്രൂഷക്കാരൻ- നീ ഞങ്ങൾക്കു ചെയ്തിട്ടുള്ളതും, എന്നാൽ, കൃതജ്ഞത പ്രദൎശിപ്പിക്കുവാൻ കഴിയാത്തതുമായ നിന്റെ എല്ലാ സഹായങ്ങൾക്കും അനുഗ്രഹങ്ങൾക്കുമായി, നി

ന്നെ ഞങ്ങൾ സ്തുതിക്കുകയും ഇടവിടാതെ മഹത്വപ്പെടുത്തുകയും ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ നീ സകലത്തിന്റെയും നാഥനും സൃഷ്ടാവുമാകുന്നു. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സര്‍വ്വേശ്വരാ!

സമൂഹം– ആമ്മേൻ.

തുടര്‍ന്ന് താഴെക്കാണുന്ന ജപം അഥവാ ഗാനം

സമൂഹം– സകലത്തിന്റെയും നാഥാ, നിന്നെ ഞങ്ങൾ സ്തുതിക്കുന്നു. ഈശോമിശിഹായേ, നിന്നെ ഞങ്ങൾ പുകഴ്ത്തുന്നു. എന്തുകൊണ്ടെന്നാൽ നീ ഞങ്ങളുടെ ശരീരങ്ങളെ ഉയര്‍പ്പിക്കുന്നവനും ഞങ്ങളുടെ ആത്മാക്കളെ രക്ഷിക്കുന്നവനുമാകുന്നു.

## ഗാനം

(രീതി: തുയ്യെ എ. മ.)

1–ാം ഗണം– സര്‍വ്വാധിപനാം കര്‍ത്താവേ
നിന്നെ വണങ്ങി നമിക്കുന്നു.
ഈശോ നാഥാ ഞങ്ങളിതാ
നിന്നെ ഭജിച്ചു പുകഴ്ത്തുന്നു.

2–ാം ഗണം– ഞങ്ങടെമര്‍ത്ത്യശരീരങ്ങൾ–
ക്കുത്ഥാനം പുനരേകുന്നോൻ.
ഞങ്ങടെ ആത്മാവുകളേയും
രക്ഷിക്കുന്നവനല്ലോ നീ.

ആഴ്ക്കാരൻ— പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂഹം— ആദിമുതൽ എന്നേയ്ക്കും. ആമ്മേൻ.

ആഴ്ക്കാരൻ— എന്റെ കർത്താവേ നീ സത്യമായും ഞങ്ങളുടെ ശരീരങ്ങളെ ഉയർപ്പിക്കുന്നവനും ആത്മാക്കളെ രക്ഷിക്കുന്നവനും ഞങ്ങളുടെ ജീവനെ നിത്യം പരിപാലിക്കുന്നവനുമാകുന്നു. എന്റെ കർത്താവേ, എല്ലാ സമയവും നിന്നെ സ്തുതിക്കുവാനും ആരാധിക്കുവാനും പുകഴ്ത്തുവാനും ഞങ്ങൾ കടപ്പെട്ടവരാകുന്നു. സകലത്തിന്റേയും നാഥാ, എന്നേയ്ക്കും.

സമൂഹം— ആമ്മേൻ.

## കാറോസൂസാ

### ഒന്നാം ഭാഗം

സഹായി— നമുക്കെല്ലാവർക്കും അനുതാപത്തോടും ശ്രദ്ധയോടും (ഞായറാഴ്ചകളിലും വലിയ തിരുനാളുകളിലും സന്തോഷത്തോടും ആനന്ദത്തോടും) കൂടെ ഉചിതമായിനിന്നു് ഞങ്ങളുടെ കർത്താവേ, ഞങ്ങളോടു കൃപ ചെയ്യണമേ എന്നു പ്രാർത്ഥിക്കാം.

സമൂഹം— ഞങ്ങളുടെ കർത്താവേ, ഞങ്ങളോടു കൃപ ചെയ്യണമേ.

സഹായി— ഞങ്ങളുടെ ദിവ്യരക്ഷകനോട് അടുത്തു സഹകരിക്കുവാനായി അമലോത്ഭവ കന്യകാമറിയത്തെ തിരഞ്ഞെടുത്ത നിന്നോടു ഞങ്ങൾ പ്രാൎത്ഥിക്കുന്നു.

സമൂഹം— ഞങ്ങളുടെ കൎത്താവേ, ഞങ്ങളോടു കൃപ ചെയ്യണമേ.

സഹായി— ഉത്ഭവക്ഷണം മുതൽതന്നെ വിസ്മയനീയമായ അനുഗ്രഹങ്ങൾ അമലോത്ഭവ കന്യകാമറിയത്തിനു നൽകിയ നിന്നോടു ഞങ്ങൾ പ്രാൎത്ഥിക്കുന്നു.

സമൂഹം— ഞങ്ങളുടെ കൎത്താവേ, ഞങ്ങളോടു കൃപ ചെയ്യണമേ.

സഹായി— പരിശുദ്ധാത്മാവിന്റെ വിശ്വസ്ത മണവാട്ടിയായ അമലോത്ഭവ കന്യകമറിയത്തിന്റെ ആത്മാവിനെ സൎവ്വവരങ്ങളാലും സമ്പന്നമാക്കിയ നിന്നോടു ഞങ്ങൾ പ്രാൎത്ഥിക്കുന്നു.

സമൂഹം— ഞങ്ങളുടെ കൎത്താവേ, ഞങ്ങളോടു കൃപ ചെയ്യണമേ.

സഹായി— നിന്റെ പ്രിയ കുമാരന്റെ യോഗ്യമാതാവായി നിത്യതം മുതൽതന്നെ അമലോത്ഭവ കന്യകാമറിയത്തെ തിരഞ്ഞെടുത്ത നിന്നോടു ഞങ്ങൾ പ്രാൎത്ഥിക്കുന്നു.

സമൂഹം— ഞങ്ങളുടെ കൎത്താവേ, ഞങ്ങളോടു കൃപ ചെയ്യണമേ.

ACHARYA ... KENDRAM

സഹായി— നിൻെറ പ്രിയ കുമാരൻെറ രക്ഷണീയഫലം അമലോത്ഭവകന്യകമറിയം വഴിയായി ഞങ്ങൾ പ്രാപിക്കുവാൻ തിരുമനസ്സായ നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം— ഞങ്ങളുടെ കർത്താവേ, ഞങ്ങളോടു കൃപ ചെയ്യണമേ.

സഹായി— നിൻെറ പ്രിയ കുമാരൻെറ വത്സലമാതാവായ അമലോത്ഭവ കന്യകമറിയത്തെതന്നെ ഞങ്ങൾക്കും അമ്മയായി കല്പിച്ചു നൽകിയ നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം— ഞങ്ങളുടെ കർത്താവേ, ഞങ്ങളോടു കൃപ ചെയ്യണമേ.

സഹായി— ഈശോയെ പരിപൂർണ്ണമായി അനുകരിക്കുവാൻ അമലോത്ഭവകന്യകമറിയത്തെ ഞങ്ങൾക്കു ആദർശമായി കല്പിച്ചുതന്ന നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം— ഞങ്ങളുടെ കർത്താവേ, ഞങ്ങളോടു കൃപ ചെയ്യണമേ.

സഹായി— നിൻെറ തിരുക്കുമാരനേയും അമലോത്ഭവ കന്യകമറിയത്തേയുംപോലെ ആത്മശരീരങ്ങളിൽ സൗഭാഗ്യം പ്രാപിക്കുന്നതിൻ ഞങ്ങളെ തിരഞ്ഞെടുത്ത നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം— ഞങ്ങളുടെ കർത്താവേ, ഞങ്ങളോട് കൃപ ചെയ്യണമേ.

**സഹായി—** പ. ക. മറിയത്തിന്റെ മാദ്ധ്യസ്ഥ്യത്താൽ ഞങ്ങളെ വിശുദ്ധീകരിക്കണമേ. അവളുടെ വിമലഹൃദയത്തിൽ കുടികൊണ്ടിരുന്ന സ്നേഹത്തിൽ ഞങ്ങളെ പങ്കാളികളാക്കുകയും ചെയ്യണമേ.

**സമൂഹം—** ഞങ്ങളുടെ കർത്താവേ, ഞങ്ങളോടു കൃപ ചെയ്യണമേ.

## രണ്ടാം ഭാഗം

**ആഘോഷകാരൻ—** അനുഗ്രഹീതമാതാവായ അമലോത്ഭവകന്യകമറിയം വഴിയായി സർവ്വശക്തനായ ദൈവത്തോടു നമുക്കു പ്രാർത്ഥിക്കയും യാചിക്കയും ചെയ്യാം.

വിശുദ്ധ കത്തോലിക്കാസഭക്കുവേണ്ടി നമുക്കു പ്രാർത്ഥിക്കാം.

**സമൂഹം—** വിശുദ്ധിയിലും നൈർമ്മല്യത്തിലും സഭയെ വളർത്തി ലോകം മുഴുവനും അതു വ്യാപിക്കുമാറാക്കണമെന്നു കർത്താവേ നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കയും യാചിക്കയും ചെയ്യുന്നു.

**ആഘോഷകാരൻ—** നമ്മുടെ പിതാവായ **(പോപ്പ്)** മാർപ്പാപ്പായ്ക്കുവേണ്ടി നമുക്കു പ്രാർത്ഥിക്കാം.

**സമൂഹം—** മിശിഹായുടെ ആട്ടിൻകൂട്ടത്തെ അദ്ദേഹം വിജയകരമായി നയിക്കയും

പരിപാലിക്കയും ചെയ്യുവാൻ ശക്തി നൽകണമെന്നു കത്താവേ നിന്നോടു ഞങ്ങൾ...

**ആഘോഷക്കാരൻ—** എല്ലാ മെത്രാന്മാൎക്കും, വിശിഷ്യാ മാർ (പേരു°) മെത്രാപ്പോലീത്താക്കും (മെത്രാനും) വേണ്ടി നമുക്കു പ്രാൎത്ഥിക്കാം.

**സമൂഹം—** നിന്റെ വിജ്ഞാനത്തിലും വിശുദ്ധിയിലും അവരെ സമൃദ്ധമായി പങ്കുകാരാക്കണമെന്നു കൎത്താവേ...

**ആഘോഷക്കാരൻ—** ലോകമെങ്ങുമുള്ള പുരോഹിതന്മാൎക്കും ശെമ്മാശന്മാൎക്കുംവേണ്ടി നമുക്കു പ്രാൎത്ഥിക്കാം.

**സമൂഹം—** അവർ വിശുദ്ധിയിൽ നിലനില്ക്കയും നല്ല ഇടയന്മാരെപ്പോലെ അവർ അജഗണങ്ങളെ അറിഞ്ഞു സ്നേഹിച്ചു അവൎക്കു വേണ്ടി ആത്മാൎപ്പണം ചെയ്യുന്നതിനുള്ള അനുഗ്രഹം നല്കണമെന്നു കൎത്താവേ...

**ആഘോഷക്കാരൻ—** ലോകമെങ്ങുമുള്ള സന്യാസിനീസന്യാസികൾക്കുവേണ്ടി നമുക്കു പ്രാൎത്ഥിക്കാം.

**സമൂഹം—** അവരെല്ലാവരേയും തീക്ഷ്ണതയിൽ നിലനിറുത്തണമെന്നും സജീവവും വിശുദ്ധവും സംപ്രീതവുമായ ബലിവസ്തുക്കളാക്കിത്തീൎക്കണമെന്നും കൎത്താവേ..

**ആഘോഷക്കാരൻ—** എല്ലാ കത്തോലിക്കാകുടുംബങ്ങൾക്കുംവേണ്ടി നമുക്കു പ്രാൎത്ഥിക്കാം.

സമൂഹം– തിരുക്കുടുംബത്തിന്റെ മഹനീയാദർശം എല്ലാ മാതാപിതാക്കന്മാരിലും മക്കളിലും വളർത്തണമെന്നു കർത്താവേ...

ആഴ്ചക്കാരൻ– ലോകമെങ്ങുമുള്ള എല്ലാ കത്തോലിക്കാ പ്രവർത്തകന്മാർക്കുംവേണ്ടി നമുക്കു പ്രാർത്ഥിക്കാം.

സമൂഹം– മിശിഹായുടെ ചൈതന്യത്താൽ അവർ നിറയുന്നതിനും എല്ലാ ജീവിതരംഗങ്ങളേയും തങ്ങളുടെ പ്രേഷിതപ്രവർത്തനങ്ങളാൽ പവിത്രീകരിക്കുന്നതിനും ഇടയാക്കണമെന്നു കർത്താവേ...

ആഴ്ചക്കാരൻ– അഖിലലോകത്തിനും പ്രത്യേകം ഭാരതത്തിനുംവേണ്ടി നമുക്കു പ്രാർത്ഥിക്കാം.

സമൂഹം– മിശിഹായുടെ സത്യത്തിന്റേയും സ്നേഹത്തിന്റേയും സുവിശേഷവും അവിടുത്തെ സ്വാതന്ത്ര്യവാഴ്ചയും എല്ലായിടത്തും വ്യാപിക്കുമാറാകണമെന്നു കർത്താവേ...

## മൂന്നാം ഭാഗം

ആഴ്ചക്കാരൻ– സകല വരപ്രസാദങ്ങളും അമലോത്ഭവകന്യകമറിയം വഴിയായി നമുക്കു കൈവരണമെന്ന് ദൈവപിതാവാഗ്രഹിക്കുന്നു. നമ്മുടെ കർത്താവീശോമ്ശീഹായെ അനുകരിച്ചു നാം ദൈവമക്കളെപ്പോലെ ജീവിക്കു

വാൻ മറിയവും അഭിലഷിക്കുന്നു. നമുക്കാവ ശ്യമായ അനുഗ്രഹങ്ങളേയും ആ അമ്മയോടുതന്നെ നമുക്കു് അപേക്ഷിക്കാം.

സഹായി– ഞങ്ങളേവരും ഈശോയെപ്പോലെ പരിത്യാഗവും ശരീരനിഗ്രഹവും അനുസരണചൈതന്യവും പാലിക്കുവാൻവേണ്ടി

സമൂഹം– ഞങ്ങളുടെ അമ്മേ, ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ.

സഹായി– ഞങ്ങളേവരും പിതാവിൻെറ മഹത്വംമാത്രം തേടുന്നതിനും എല്ലായ്പോഴും അവൻെറ ഇഷ്ടം നിവ്വഹിക്കുന്നതിനുംവേണ്ടി

സമൂഹം– ഞങ്ങളുടെ അമ്മേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

സഹായി– ഞങ്ങളേവരും ഈശോയെ തീക്ഷ്ണമായി സ്നേഹിക്കുന്നതിനും മററുള്ളവരെക്കൊണ്ടു് അവനെ സ്നേഹിപ്പിക്കുന്നതിനുംവേണ്ടി

സമൂഹം– ഞങ്ങളുടെ അമ്മേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

സഹായി– ഞങ്ങളുടെ സേവനം വഴിയായി ഈശോയുടെ തിരുഹൃദയഭരണം ഞങ്ങളിലും മററെല്ലാവരിലും സ്ഥാപിതമാകുവാൻവേണ്ടി

സമൂഹം– ഞങ്ങളുടെ അമ്മേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

സഹായി- ഞങ്ങളേവരും പരിപൂൎണ്ണമായ സാഹോദൎയ്യബന്ധം കോട്ടംകൂടാതെ പാലിക്കുന്നതിനും ഈശോയുടെ ശിഷ്യരുടെ പ്രത്യേക ചൈതന്യം എന്നും പുലൎത്തുന്നതിനുംവേണ്ടി

സമൂഹം- ഞങ്ങളുടെ അമ്മേ, ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ.

സഹായി- ഞങ്ങളേവരും ഈശോയുടെ ദിവ്യഹൃദയത്തെ ഞങ്ങളുടെ നിരൂപണവചനപ്രവൃത്തികളുടെ കേന്ദ്രവും ലക്ഷ്യവുമാക്കിത്തീൎക്കുവാൻവേണ്ടി

സമൂഹം- ഞങ്ങളുടെ അമ്മേ, ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ.

സഹായി- ഞങ്ങളേവരും ഈശോയിൽ നിന്നു ആദ്ധ്യാത്മികജീവൻ സമൃദ്ധമായി പ്രാപിച്ചു ധാരാളമായ ഫലമുളവാക്കുവാൻവേണ്ടി

സമൂഹം-ഞങ്ങളുടെ അമ്മേ, ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ.

സഹായി- നാമോരോരുത്തരുടേയും ആത്മാക്കളെ പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും അമലോത്ഭവകന്യകാമറിയം വഴിയായി നമുക്കു ഭരമേല്പിക്കാം.

സമൂഹം- ഞങ്ങളുടെ അമ്മേ, ഞങ്ങളെ നീ ദൈവത്തിനു സമൎപ്പിക്കണമേ.

ആഘോഷക്കാരൻ—ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ദൈവമേ, അമലോത്ഭവ കന്യകാമറിയത്തെ അനുകരിച്ച് ഞങ്ങളുടെ ആത്മശരീരങ്ങളെ നിൻെറ ശുശ്രൂഷയ്ക്കായി ഞങ്ങൾ സമർപ്പിക്കുന്നു. അനുഗ്രഹീതയായ ഈ അമ്മയുടെ മാദ്ധ്യസ്ഥ്യശക്തിയാൽ ഞങ്ങളുടെ ആത്മസമർപ്പണം പരിപൂർണ്ണമാക്കുവാൻ ഞങ്ങളെ ശക്തരാക്കണമേ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സഹായി— ആമ്മേൻ. നമുക്കേവർക്കും സന്തോഷത്തി ദൈവത്തെ പ്രകീർത്തിക്കാം.

(തുടർന്ന് താഴെക്കാണുന്ന പ്രാർത്ഥന അഥവാ ഗാനം)

സമൂഹം— പരിശുദ്ധനായ ദൈവമേ, പരിശുദ്ധനായ ബലവാനേ, പരിശുദ്ധനായ അമർത്ത്യനേ, ഞങ്ങളെ അനുഗ്രഹിക്കണമേ.

ആഘോഷക്കാരൻ— പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂഹം— ആദിമുതൽ എന്നേക്കും. ആമ്മേൻ.

## ഗാനം

(ക്രമം എ. 2.)

ഒന്നാം ഗണം– സർവ്വേശാ നീ പരിശുദ്ധൻ
ബലവാനേ നീ പരിശുദ്ധൻ
നിത്യമമർത്ത്യൻ പരിശുദ്ധൻ
നിൻ കൃപ ഞങ്ങൾക്കേകണമെ.

ആഘോഷക്കാരൻ– പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

രണ്ടാംഗണം– ആദിമുതൽഎന്നേക്കും ആമ്മേൻ.
സർവ്വേശാ നീ പരിശുദ്ധൻ
ബലവാനേ നീ പരിശുദ്ധൻ
നിത്യമമർത്ത്യൻ പരിശുദ്ധൻ
നിൻകൃപ ഞങ്ങൾക്കേകണമെ.

ആഘോഷക്കാരൻ– വിശുദ്ധരിൽ വസിക്കയും അവരിൽ സംപ്രീതനാകയും ചെയ്യുന്ന പരിശുദ്ധനും സ്തുത്യർഹനും ബലവാനും അമർത്ത്യനുമായ എന്റെ കർത്താവേ, നിനക്കു സഹജമായവിധം എല്ലാ സമയവും ഞങ്ങളെ കടാക്ഷിക്കുകയും അനുഗ്രഹിക്കുകയും ഞങ്ങളോടു കരുണ കാണിക്കുകയും ചെയ്യണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂഹം– ആമ്മേൻ.

(അനന്തരം മാതൃസ്തവം)

# മാതൃസ്തവം

(ട്യൂൺ ഏ. മ.)

1. അമലോത്ഭവയാം കന്യകയേ
കർമ്മലനാഥേ, സുതരൊന്നായ്
പാടുന്ന തവഗീതങ്ങൾ
നിസ്തുലമങ്ങേ ദാനങ്ങൾ.

2. അഴകുടയോനാമഖിലേശൻ
വിനയാന്വിതയാം നാഥേ, നിൻ
കതിരൊളിവീശുമൊരഴകിന്മേൽ
ആകൃഷ്ടനമായ്ത്തീർന്നല്ലൊ.

3. ധരയും മോഹനവിണ്ടലവും
നിർമ്മിച്ചവനീ ധരയിന്മേൽ
വന്നുവസിപ്പാനഴകേറും
നാഥേ നീ താനുടലേകി.

4. ഹാവാമൂലം മരണത്തിൻ
ഭീകരമാകും നിഴൽ വീശി
വിമലാംബികയേ നീ വഴിയായ്
ജീവൻ വീണ്ടും കൈവന്നു.

5. കാൽവരി മുകളിൽ കുരിശിന്മേൽ
ജീവൻപിരിയും സുതനെ നീ
ദൈവപിതാവിനു ബലിയേകി
സഹരക്ഷകയാം മാതാവേ.

6. കദനക്കടലിൻ നടുവിൽ നീ
മർത്ത്യകുലത്തിൻ മാതാവായ്
സ്നേഹമിയന്നൊരു ജനനീ നിൻ
കൃപതാൻ ഞങ്ങൾക്കാലംബം.

7. ആത്മശരീര സമന്വിതയായ്
സ്വർഗ്ഗം ചേർന്നോരമലാംബേ
അഴൽ തിങ്ങുന്നിത്താഴ്വരയിൽ
കേഴും സുതരിൽ കനിയേണം.
8. പുലർകാലത്തിൻ താരകമേ
മനുജകുലത്തിൻ ശരണം നീ
കനകാലയമേ, കന്യാംബേ
സ്വർലോകത്തിൻ വാതിൽനീ.
9. വിജ്ഞാനത്തിൻ വിളനിലമേ
വിണ്ണിൽ വിരിയും മഴവില്ലേ
ദൈവത്തിൻ ദിവ്യാലയമേ
കരുണാനിധിയാം മാതാവേ.
10. പാപികളഭയം നീയല്ലോ
ദുഃഖിതരന്നോനാലംബം
രോഗമിയന്നവനാശ്വാസം
നാഥേ ഉലകിൽ ശരണം നീ.
11. ജനപദമൊന്നായ് പാടുന്നു
മധുരതമം നിൻ ഗാനങ്ങൾ
വത്സലരാം തവസുതരും നിൻ
മാഹാത്മ്യങ്ങൾ കീർത്തിപ്പൂ.

(സാധാരണ ദിവസങ്ങളിൽ)

12. തൃക്കൈനീട്ടിയനുഗ്രഹമാം
പൂമഴയിവരിൽ ചൊരിയേണം
കർമ്മലറാണീ സുതരെന്നും
വാഴ്ത്തിടുമങ്ങേ ദാനങ്ങൾ.

(മാതാവിൻെറ തിരുനാളവസരങ്ങളിൽ)

13. നാഥാ നിൻ തിരുമാതാവിൻ
പുരുമോഹനമിത്തിരുനാളിൽ
പ്രാർത്ഥന കൈക്കൊണ്ടാശിസ്സുകൾ
ളുകണമിവരിൽ സകലേശാ.

## കാലത്തിൻെറ സ്ലോസാ

സുബാറാക്കാലത്തു്:

ആഴ്ച്ചക്കാരൻ– ഞങ്ങളുടെ കത്താവേ, ഞങ്ങളുടെ ദൈവമേ, ഞങ്ങളുടെ രക്ഷയ്ക്കും പുനരുദ്ധാരണത്തിനുംവേണ്ടി (പൂർവ്വപിതാവായ അബ്രാഹത്തോടും സന്തതികളോടും ചെയ്ത വാഗ്ദാനം അമലോത്ഭവകന്യകാമറിയം വഴിയായി പരിപൂർത്തിയാക്കിയ) നിൻെറ ദിവ്യപരിപാലനയ്ക്കു അനവരതം ഞങ്ങൾ സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും സമപ്പിക്കുന്നു. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സവ്വേശ്വരാ!

സമൂഹം– ആമ്മേൻ.

(താഴെക്കാണിക്കുന്ന ഭാഗങ്ങൾ, മുകളിൽ ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്നതിനുപകരം സ്ലോസായിൽ യഥോചിതം ഉൾപ്പെടുത്തി വിവിധകാലഘട്ടങ്ങളിൽ ചൊല്ലുന്നു)

യൽദാ മുതൽ ദെനഹാക്കാലം ഉൾപ്പെടെ:

...മനുഷ്യാവതാരത്തിൻെറ ദിവ്യരഹസ്യം അമലോത്ഭവകന്യകാമറിയം വഴിയായി പരിപൂർത്തിയാക്കിയ...

**സൗമ്മാക്കാലത്തു്:**

...നമ്മുടെ കർത്താവീശോമ്ശിഹാ സമപ്പിച്ച പരമബലിയിൽ അമലോത്ഭവകന്യകാമറിയത്തേയും പങ്കാളിയാക്കിയ...

**ശ്ലീഹാക്കാലത്തു്:**

...അമലോത്ഭവകന്യകാമറിയത്തിൻെറ സാന്നിദ്ധ്യത്തിലും മാദ്ധ്യസ്ഥ്യത്തിലും ശ്ലീഹന്മാക്കു പരിശുദ്ധാത്മാവിനെ നൽകിയ...

**കൈത്താക്കാലത്തു്:**

...അമലോത്ഭവകന്യകാമറിയത്തിൻെറ നിരന്തരപ്രവത്തനം വഴിയായി ഞങ്ങളുടെമേൽ അനുഗ്രഹം വഷിച്ചുകൊണ്ടിരിക്കുന്ന...

**ഏലിയാ, സ്ലീവാ, മൂശെ എന്നീ കാലങ്ങളിൽ**

...മ്ശിഹായുടെ പീഡാനുഭവത്തിലെന്നപോലെ അമലോത്ഭവകന്യകാമറിയത്തിൻെറ സഹനജീവിതത്തിലും പ്രസാദിപ്പാൻ തിരുമനസ്സായ...

**കൂദാശ് എത്താക്കാലത്തു്:**

മനുഷ്യാവതാരം ചെയ്വാൻ നിശ്ചയിച്ച നിൻെറ ദിവ്യകുമാരനു് പരിശുദ്ധാലയമായി അമലോത്ഭവകന്യകാമറിയത്തെ തിരഞ്ഞെടുത്ത...

## ശൂറായാ (ലൂക്കാ I, 46–55)

ശൂറായാഘും മശ്മീസായുടെ ക്രമത്തിൽ ചൊല്ലുന്നു.

സഗ്രായി— എൻെറ ആത്മാവു് കത്താവിനെ മഹത്വപ്പെടുത്തുന്നു. ഹല്ലേലുയ്യാ, ഹല്ലേലുയ്യാ, ഹല്ലേലുയ്യാ.

എൻെറ ആത്മാവു്. . .

എൻെറ ആത്മാവു് എൻെറ രക്ഷകനായ ദൈവത്തിൽ ആനന്ദിച്ചു.

എന്തെന്നാൽ അവൻ തൻെറ ദാസിയുടെ താഴ്മയെ തൃക്കൺപാത്തു. ഇപ്പോഠം മുതൽ എല്ലാ തലമുറയും എന്നെ ഭാഗ്യവതിയെന്നു വാഴ്ത്തും.

എന്തെന്നാൽ ശക്തനായവൻ വലിയ കാര്യങ്ങഠം എന്നിൽ പ്രവത്തിച്ചിരിക്കുന്നു. അവൻെറ നാമം പരിശുദ്ധമാകുന്നു.

അവൻെറ കരുണ അവനെ ഭയപ്പെട്ടുന്നവരുടെമേൽ പുരുഷാന്തരങ്ങളും തലമുറകളും വരെയാകുന്നു.

അവൻ തൻെറ കരംകൊണ്ടു് വിജയം നേടി. ഹൃദയവിചാരത്തിൽ അഹങ്കരിച്ചവരെ അവർ ചിതറിച്ചു.

അവൻ ശക്തന്മാരെ സിംഹാസനങ്ങളിൽനിന്നു് തട്ടിമറിച്ചിട്ടു് താഴ്മയുള്ളവരെ ഉയത്തി.

അവൻ വിശക്കുന്നവരെ നല്ലവകൊണ്ടു തൃപ്തരാക്കി, ധനികന്മാരെ ഒന്നും കൊടുക്കാതെ പറഞ്ഞയച്ചു.

തന്റെ ദാസനായ ഇസ്രായേല്ലിനെ സഹായിച്ചു.

നമ്മുടെ പിതാക്കന്മാരായ അബ്രാഹത്തോടും അവന്റെ സന്തതികളോടും എന്നേയ്ക്കുമായി വാഗ്ദാനം ചെയ്തതുപോലെ അവൻ തന്റെ കരുണ അനുസ്മരിച്ചു.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

ആദിമുതൽ എന്നേയ്ക്കും. ആമ്മേൻ.

സഹായി– ഹല്ലേലുയ്യാ, ഹല്ലേലുയ്യാ, ഹല്ലേലുയ്യാ.

സഹായി– നമുക്കു പ്രാർത്ഥിക്കാം. സമാധാനം നമ്മോടുകൂടെ.

ആഘോഷക്കാരൻ– ഞങ്ങളുടെ കർത്താവേ ഞങ്ങളുടെ ദൈവമേ, നിന്റെ ഈ സഭയിലേയും ഭവനത്തിലേയും ശുശ്രൂഷയ്ക്കായി ഞങ്ങളെ നീ തിരഞ്ഞെടുത്തിരിക്കുന്നതിനെക്കുറിച്ചു നിനക്കു ഞങ്ങൾ സ്തോത്രം ചെയ്യുന്നു. ശുശ്രൂഷിക്കപ്പെടുവാനല്ല, ശുശ്രൂഷിക്കുവാൻ വന്ന മിശിഹായെപ്പോലെ ജീവിക്കുന്നതിനു് ഞങ്ങളെ സഹായിക്കണമേ. കർത്താവിന്റെ ദാസി ഇതാ നിന്റെ ഇഷ്ടം എന്നിൽ നിറ

വേറട്ടെ എന്നു പ്രതിവചിച്ച അമലോത്ഭവ കന്യകമറിയത്തിൻെറ ആദർശം ആ അമ്മയുടെ മാദ്ധ്യസ്ഥ്യം വഴിയായി ഞങ്ങളും പുലർത്തുവാൻ ഇടയായാകട്ടെ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂഹം– ആമ്മേൻ.

ആഘോഷക്കാരൻ– ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ദൈവമേ ഞങ്ങളുടെ പിതാവായ വി. യൗസേപ്പിൻേറയും എല്ലാ ശ്ലീഹന്മാരുടേയും വിശിഷ്യ, മാർ തോമാശ്ലീഹായുടേയും വിശുദ്ധ ഏലിയാനിവ്യായുടേയും വി. അമ്മത്രേസ്യായുടേയും കുരിശിൻെറ വി. യോഹന്നാൻേറയും വി. കൊച്ചുത്രേസ്യായുടേയും (ഭവനത്തിൻെറ മദ്ധ്യസ്ഥനായ വിശുദ്ധൻെറ പേർകൂടി ചേർക്കുക) മറെറല്ലാ വിശുദ്ധരുടേയും പ്രാർത്ഥനാസഹായം ഞങ്ങൾക്കു എപ്പോഴും ലഭിക്കുമാറാകട്ടെ. അതിൻെറ ഫലമായി അവരെപ്പോലെ ഞങ്ങളും നിനക്കുവേണ്ടിമാത്രം ജീവിക്കുന്നതിനും അദ്ധ്വാനിക്കുന്നതിനും സഹിക്കുന്നതിനും, ആത്മശരീരാപകടങ്ങളിൽനിന്നു സംരക്ഷിക്കപ്പെടുന്നതിനും അവസാനം അവരോടുകൂടെ സ്വർഗ്ഗീയ ഓറശ്ലമിൽ നിന്നെ നിത്യം പ്രകീർത്തിച്ചു ആനന്ദമനുഭവിക്കുന്നതിനും ഞങ്ങൾക്കിടയാകട്ടെ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂഹം— ആമ്മേൻ.

ആഘോഷകാരൻ— സകലത്തിന്റേയും കത്താവായ ദൈവത്തിന്റെ തിരുനാമം സവ്വസൃഷ്ടികളാലും പ്രകീത്തിക്കപ്പെടട്ടെ. നമ്മുടെ കത്താവീശോമ്ശിഹായുടെ ഭരണം എല്ലാ ഹൃദയങ്ങളിലും സംസ്ഥാപിതമാകട്ടെ. അമലോത്ഭവകന്യകാമറിയം അനുഗ്രഹീതയെന്ന് അവളുടെ സന്താനങ്ങളാൽ എന്നും പുകഴ്ത്തപ്പെടട്ടെ. കത്താവിന്റെ ദാസിയായ അവളെപ്പോലെ നമ്മുടെ സഭാംഗങ്ങൾ ദൈവത്തിന് എന്നും സേവനമനുഷ്ഠിക്കട്ടെ. അവളുടെ മാദ്ധ്യസ്ഥ്യത്താൽ ദൈവപരിപാലനയുടെ വലതുകരം നമ്മുടെ സമൂഹത്തേയും സഭയേയും തിരുസഭയേയും അഖിലലോകത്തേയും സമൃദ്ധമായി ആശീവ്വദിക്കുമാറാകട്ടെ. ഇപ്പോഴും എപ്പോഴും എന്നേയ്ക്കും. (എല്ലാവരും കുരിശടയാളം വരയ്ക്കുന്നു.)

സമൂഹം— ആമ്മേൻ.

(സമാധാനം കൊടുക്കുന്നു.)

# മമ്മീസായുടെ ആദ്യസങ്കീർത്തനം

## ഞായറാഴ്ചകളിൽ (സങ്കീ. 117)

**സഹായി–** കർത്താവു് ഉണ്ടാക്കിയ ദിവസം ഇതാകുന്നു. വരുവിൻ നമുക്കു ഇതിൽ ആനന്ദിച്ചു സന്തോഷിക്കാം. **ഹല്ലേലുയ്യാ, ഹല്ലേലുയ്യാ, ഹല്ലേലുയ്യാ.**

കർത്താവു് ഉണ്ടാക്കിയ...

ഹാ കർത്താവേ, എന്നെ രക്ഷിക്കണമേ. ഹാ കർത്താവേ, എന്നെ വീണ്ടുകൊള്ളണമെ.

കർത്താവിൻെറ നാമത്തിൽ വരുന്നവൻ അനുഗ്രഹീതനാകുന്നു. ഞങ്ങൾ കർത്താവിൻെറ ഭവനത്തിൽനിന്നു നിങ്ങളെ ആശീർവ്വദിച്ചു.

ഞങ്ങളുടെ ദൈവമായ കർത്താവേ, ഞങ്ങളെ പ്രകാശിപ്പിക്കണമെ.

നീ ദൈവമാകുന്നു. ഞാൻ നിന്നെ ഏററു പറയും. നീ എൻെറ ദൈവമാകുന്നു. ഞാൻ നിന്നെ സ്തുതിക്കും.

അവൻ നല്ലവനാകുന്നു. അവൻെറ നന്മ എന്നേക്കും ഉള്ളതാകുന്നു എന്നു നിങ്ങൾ കർത്താവിനോടു ഏററു പറയുവിൻ.

(തുടന്നു് പ. 3, സങ്കീ. 100...)

## കർത്താവിൻെറ തിരുനാളുകളിൽ

(സങ്കീ. 84 : 1–6, 8–12)

സഹായി– ശക്തനായ കർത്താവേ! നിൻെറ കൂടാരങ്ങൾ എത്രയോ സ്നേഹയോഗ്യങ്ങളാകുന്നു ഹല്ലേലുയ്യാ, ഹല്ലേലുയ്യാ, ഹല്ലേലുയ്യാ.

ശക്തനായ കർത്താവേ.....

കർത്താവിൻെറ അങ്കണത്തെ എൻെറ ആത്മാവു പാർത്തിരിക്കുകയും അതിനായി ആഗ്രഹിക്കുകയും ചെയ്യു. എൻെറ ഹൃദയമേ, എൻെറ ശരീരമേ, സജീവനായ ദൈവത്തെ സ്തുതിക്കുക.

കുരുകിൽപക്ഷിപോലും അതിനു വീട്ടും ചെങ്ങാലിക്കൂട്ടം കണ്ടെത്തി. ശക്തനായ കർത്താവേ, നിൻെറ ബലിപീഠത്തിനരികിൽ അവ തങ്ങളുടെ കുഞ്ഞുങ്ങളെ വളർത്തി.

എൻെറ രാജാവേ, എൻെറ ദൈവമേ, നിൻെറ ഭവനത്തിൽ വസിക്കുന്നവർ ഭാഗ്യവാന്മാർ. അവർ എന്നേയ്ക്കും നിന്നെ സ്തുതിക്കും.

ഞങ്ങളുടെ സഹായി ആയ ദൈവമേ, കടാക്ഷിക്കണമെ. നിൻെറ അഭിഷിക്തൻെറ മുഖത്തെ തൃക്കൺപാക്കണമെ.

എന്തെന്നാൽ നിൻെറ മുററത്തിൽ ഒരു ദിവസം ആയിരത്തെക്കാൾ നല്ലതാകുന്നു. ദുഷ്ടന്മാരുടെ കൂടാരത്തിൽ വസിക്കുന്നതിനെക്കാൾ

ദൈവഭവനത്തിൽ വസിക്കുന്നതിനു് ഞാൻ അധികം ഇഷ്ടപ്പെട്ടു.

എന്തെന്നാൽ നമ്മുടെ പരിപാലകനും സഹായിയും കർത്താവായ ദൈവമാകുന്നു. കൃപയും മഹത്വവും കർത്താവു നൽകും. തന്റെ നന്മകളെ പരമാർത്ഥതയിൽ വ്യാപരിക്കുന്നവർക്കു് അവൻ മുടക്കുകയില്ല.

## മാതാവിന്റെ തിരുനാളുകളിൽ
## (സങ്കീ. 45.)

സഹായി— രാജപുത്രിമഹിമയോടുകൂടെ നിന്നു. രാജ്ഞി ഔപ്പേറിലെപൊന്നുകൊണ്ടുള്ള വസ്ത്രത്തോടുകൂടെ നിന്റെ വലത്തുഭാഗത്തു നിന്നു.

ഹല്ലേലൂയ്യാ, ഹല്ലേലൂയ്യാ, ഹല്ലേലൂയ്യാ.
രാജപുത്രി.....

എന്റെ പുത്രീ, നീ കേൾക്കുക, നോക്കുക. നിന്റെ ചെവി ചായിക്കുക. രാജാവു നിന്റെ സൗന്ദര്യത്തെ ആഗ്രഹിക്കുവാൻവേണ്ടി നിന്റെ ജനത്തേയും നിന്റെ പിതൃഭവനത്തേയും നീ മറന്നുകളയുക.

ഇവൻ നിന്റെ നാഥൻ ആകകൊണ്ടു് ഇവനെ നീ ആരാധിക്കുക.

സോറിന്റെ പുത്രി അവനെ ആരാധിക്കും. ജനത്തിന്റെ ഇടയിലുള്ള സമ്പന്നന്മാർ

കാഴ്ച്ചകളോടുകൂടെ നിന്റെ മുഖത്തെ അന്വേഷിക്കും.

രാജപുത്രിയുടെ മഹിമയെല്ലാം ഉള്ളിലാകുന്നു. അവളുടെ വസ്ത്രം വിശേഷപൊന്നുകൊണ്ടു് അലങ്കരിക്കപ്പെട്ടതാകുന്നു.

അവറ്റ കാഴ്ച്ചകളോടുകൂടെ രാജാവിന്റെ പക്കൽ പോകും. സഖികളായ കന്യകമാരെ അവളുടെ പിന്നാലെ അവർ കൊണ്ടുചെല്ലും.

അവർ ആനന്ദത്തോടും മാധുര്യത്തോടും കൂടെ പോകും. രാജാവിന്റെ ആലയത്തിൽ പ്രവേശിക്കയും ചെയ്യും.

## വിശുദ്ധരുടെ ആഘോഷതിരുനാളുകളിൽ (സങ്കീ. 85)

സഹായി– ഞങ്ങളുടെ രക്ഷകനായ ദൈവമേ, ഞങ്ങളുടെ മനസ്സു തിരിക്കുക. ഞങ്ങളിൽനിന്നു നിന്റെ കോപത്തെ ഇല്ലാതാക്കുകയും ചെയ്ക.

ഹല്ലേലുയ്യാ, ഹല്ലേലുയ്യാ, ഹല്ലേലുയ്യാ.

ഞങ്ങളുടെ രക്ഷകനായ.....

ഞങ്ങളോടു് ഒരിക്കലും നീ കോപിക്കരുതേ, തലമുറകൾ തലമുറകളോളം നിന്റെ കോപത്തെ തുടരുകയുമരുതേ.

കർത്താവേ, നിന്റെ കൃപയെ നീ ഞ

ങ്ങൾക്കു കാണിക്കുക. നിൻെറ രക്ഷ ഞ ങ്ങൾക്കു തരികയും ചെയ്യുക.

അവർ പിന്നോക്കം തിരിയാതിരിക്കുവാ നായി തൻെറ ജനത്തോടും പരിശുദ്ധരോടും സമാധാനം പറയുന്ന നമ്മുടെ ദൈവമായ കർത്താവു് എന്തു പറയുന്നു എന്നു് ഞങ്ങൾ കേൾക്കുന്നതിനായിട്ടുതന്നെ.

തൻെറ ആരാധകർക്കു് അവൻെറ രക്ഷ അടുത്തിരിക്കുന്നു. അവൻെറ മഹത്വം നമ്മു ടെ നാട്ടിൽ വസിക്കും.

കൃപയും സത്യവും തമ്മിൽ എതിർപ്പെട്ടു. നീതിയും സമാധാനവും തമ്മിൽ ചുംബിക്കും.

നീതിമാൻെറ ജീവിതം ഭൂമിയിലായിരു ന്നാലും അവൻെറ വ്യാപാരം കർത്താവിൻെറ തിരുമുമ്പാകെ ആയിരിക്കും.

## സൂബാറാക്കാലത്തു് (സങ്കീ. 42 : 1–5)

കർത്താവേ, നീരുറവിനായി അത്യാർത്തി യോടെ നിലവിളിക്കുന്ന കലമാനെപ്പോലെത ന്നെ എൻെറ ആത്മാവും നിൻെറ പക്കൽ നിലവിളിക്കുന്നു.

ഹല്ലേലൂയ്യാ, ഹല്ലേലൂയ്യാ, ഹല്ലേലൂയ്യാ.

കർത്താവേ, നീരുറവിനായി.....

ജീവനുള്ള ദൈവമേ, എന്റെ ആത്മാവു നിന്നെ ദാഹിക്കുന്നു. എപ്പോഠം ഞാൻ വന്നു നിന്റെ തിരുമുഖം ദശിക്കും?

നിന്റെ ദൈവം എവിടെയെന്നു് അവർ എന്നോടു ഇടവിടാതെ ചോദിക്കയിൽ ദൈവമേ, എന്റെ കണ്ണുനീരുകഠം രാവും പകലും എന്റെ ഭക്ഷണമായിരുന്നു.

ഇവ ഞാൻ ഓത്തപ്പോഠം എന്റെ ആത്മാവു കലങ്ങി. അതിനാൽ നിന്റെ ശക്തിയേറിയ സംരക്ഷണത്തിൽ ദൈവഭവനത്തിലേയ്ക്കും ഞാൻ കടന്നുചെല്ലും. സ്തുതിയുടെയും സ്തോത്രത്തിന്റെയും ശബ്ദത്താൽ അനേകർ സന്തോഷിക്കുന്നു.

എന്റെ ആത്മാവേ നീ എന്തിനു കലങ്ങിയിരിക്കുന്നു? നീ എന്തിനു പരിഭ്രമിക്കുന്നു? ദൈവത്തിൽ നീ ശരണപ്പെടുക; എന്തെന്നാൽ എന്റെ രക്ഷിതാവിന്റെയും ദൈവത്തിന്റെയും മുമ്പാകെ ഇനിയും ഞാൻ സ്തോത്രം പാടും.

## യൽദാ മുതൽ ദെനഹാവരെ

(സങ്കീ. 110 : 1–4)

നിന്റെ ശത്രുക്കളെ നിന്റെ പാദപീഠമാകുവോളം നീ എന്റെ വലത്തുഭാഗത്തു്

ഇരിക്കുക എന്നു് കർത്താവു് എന്റെ കർത്താവിനോടു പറഞ്ഞു.

ഹല്ലേലൂയ്യാ, ഹല്ലേലൂയ്യാ, ഹല്ലേലൂയ്യാ.

നിന്റെ ശത്രുക്കളെ. . .

സെഹിയോനിൽനിന്നു് കർത്താവു് തന്റെ ശക്തിയുള്ള ചെങ്കോൽ അയച്ചു് നിന്റെ ശത്രുക്കളുടെമേൽ വാഴ്ച നടത്തും.

നിന്റെ ജനം ശക്തിയുടെ ആ ദിവസത്തിൽ മഹത്വമുള്ളതായിരിക്കും. ഉദരത്തിൽനിന്നുതന്നെ വിശുദ്ധിയുടെ സൌന്ദര്യത്തിൽ അലംകൃതമായിരിക്കും. ആദിയിൽ ശിശുവായി നിന്നെ ഞാൻ ജനിപ്പിച്ചു.

നീ മൽക്കിസെദക്കിന്റെ സാദൃശ്യത്തിൽ എന്നേക്കും പുരോഹിതനാകുന്നു എന്നു കർത്താവു് ആണയിട്ടു പറഞ്ഞു. അവൻ വ്യാജം പറകയില്ല.

## സൗമ്മാക്കാലത്തു് (സങ്കീ. 51)

ദൈവമേ, നിന്റെ കൃപയ്ക്കൊത്തവണ്ണം എന്നിൽ കനിയേണമെ. നിന്റെ കരുണാധിക്യമനുസരിച്ചു് എന്റെ പാപങ്ങൾ മായിച്ചുകളയേണമെ.

ഹല്ലേലൂയ്യാ, ഹല്ലേലൂയ്യാ, ഹല്ലേലൂയ്യാ.

ദൈവമേ, നിന്റെ കൃപ. . .

എന്റെ ദുഷ്ടതയിൽനിന്നു എന്നെ നന്നായി കഴുകേണമെ. എന്റെ പാപങ്ങളിൽ നിന്നു് എന്നെ ശുദ്ധീകരിക്കേണമെ.

സോപ്പാകൊണ്ടു നീ എന്നെ തളിക്കുക ഞാൻ ശുദ്ധി പ്രാപിക്കും. നീ എന്നെ കഴുകുക, മഞ്ഞിനെക്കാൾ ഞാൻ വെണ്മയുള്ളവനാകും.

ദൈവമേ, ശുദ്ധമായ ഒരു ഹൃദയം നീ എന്നിൽ സൃഷ്ടിക്കുക. നിന്റെ നെറിവുള്ള അരൂപിയെ എന്നിൽ നവീകരിക്കുകയും ചെയ്യുക.

ദൈവത്തിനുള്ള ബലികൾ എളിമയുള്ള അരൂപിയാകുന്നു. തകന്ന ഹൃദയത്തെ ദൈവം നിരസിക്കയില്ല.

## കൃംത്താക്കാലത്തു്

(സങ്കീ. 89: 1-6, 27, 28)

കത്താവിന്റെ കൃപ ഞാൻ എന്നേക്കും പാടും. അവന്റെ വിശ്വസ്തതയെ സകല പരിഷകളേയും എന്റെ വാകൊണ്ടു ഞാൻ അറിയിക്കുകയും ചെയ്യും.

ഹല്ലേലുയ്യാ, ഹല്ലേലുയ്യാ, ഹല്ലേലുയ്യാ.

കത്താവിന്റെ കൃപ...

എന്തുകൊണ്ടെന്നാൽ ഭൂമി കൃപയാൽ നിൎമ്മിക്കപ്പെട്ടമെന്നും നിൻെറ വിശ്വാസ്തത ആകാശത്തിൽ സ്ഥാപിക്കപ്പെട്ടമെന്നും നീ അരുളിച്ചെയ്തു.

എൻെറ തിരിഞ്ഞെടുക്കപ്പെട്ടവരോടു ഞാൻ ഉടമ്പടി ചെയ്തു. എൻെറ ദാസനായ ദാവീദിനോടു ഞാൻ ശപഥവും ചെയ്തു.

നിൻെറ സന്തതിയെ എന്നേയ്ക്കും നിലനിൎത്തുമെന്നും നിൻെറ സിംഹാസനത്തെ എല്ലാത്തലമുറകളിലേക്കമായി ഞാൻ പണിയുമെന്നുമത്രേ.

കൎത്താവേ, ആകാശം നിൻെറ അത്ഭുതങ്ങളെ പ്രഖ്യാപിക്കും. നിൻെറ സത്യസന്ധത പരിശുദ്ധന്മാരുടെ സമൂഹത്തിൽ.

ആകാശങ്ങളിൽ കൎത്താവിനു തുല്യനായി ആരുണ്ടു്? മാലാഖമാരുടെ ഗണത്തിലും കൎത്താവിനു സമനാരുണ്ടു്?

ഞാൻ അവനെ എൻെറ കടിഞ്ഞൂൽ പുത്രനാക്കും. ഭൂമിയിലെ രാജാക്കന്മാരുടെമേൽ അവനെ ഞാൻ ഉയൎത്തും.

എൻെറ കൃപയെ അവനുവേണ്ടി എന്നേക്കും ഞാൻ കാക്കും. എൻെറ ഉടമ്പടി അവനിൽ നിറവേറുകയും ചെയ്യും.

## ശ്ലീഹാക്കാലത്തു്

(സങ്കീ. 104, 22, 99)

നീ നിൻെറ അരൂപിയെ അയയ്ക്കുന്നു. അവ സൃഷ്ടിക്കപ്പെടുന്നു. നീ ഭൂമുഖത്തെ നവീകരിക്കയും ചെയ്യുന്നു.

ഹല്ലേലൂയ്യാ, ഹല്ലേലൂയ്യാ, ഹല്ലേലൂയ്യാ.

നീ നിൻെറ അരൂപി. . .

കർത്താവിൻെറ സ്തുതി എന്നേയ്ക്കുമുണ്ടായിരിക്കട്ടെ. കർത്താവു് തൻെറ സൃഷ്ടികളിൽ സന്തോഷിക്കട്ടെ.

ഭൂമിയുടെ എല്ലാ അതിർത്തികളും കർത്താവിനെ ഓർത്തു് അവൻെറ പക്കലേയ്ക്കു തിരിയും. പുറജാതികളുടെ എല്ലാപ്പരിഷകളും അവൻെറ മുമ്പാകെ സാഷ്ടാംഗം വീഴും. എന്തുകൊണ്ടെന്നാൽ രാജ്യം കർത്താവിൻേറതാകുന്നു. വിജാതിയരുടെമേൽ അധികാരം പ്രാപിച്ചവൻ അവൻതന്നെയാകുന്നു.

അത്യുന്നതൻെറ സംരക്ഷണത്തിലും ദൈവത്തിൻെറ തണലിലും വസിക്കുന്നവൻ സ്തുതിക്കപ്പെടുന്നു.

എൻെറ ശരണവും എൻെറ സങ്കേതവും ഞാൻ ആശ്രയിക്കുന്ന ദൈവവും നീയാകുന്നുവെന്നു കർത്താവിനോടു പറയുക.

എന്തെന്നാൽ അവൻ ഇടർച്ചയുടെ കണിയിൽനിന്നും വ്യർത്ഥസംഭാഷണത്തിൽനിന്നും നിന്നെ രക്ഷിക്കും.

തന്റെ തൂവലുകൾകൊണ്ടു് നിന്നെ രക്ഷിക്കും. തന്റെ ചിറകുകളിൻകീഴ് നിന്നെ കാക്കും. അവന്റെ സത്യം ആയുധമായിരിക്കും.

## കൈത്താക്കാലത്തു്

## (സങ്കീ. 144:9 – 14)

കർത്താവു നല്ലവനാകുന്നു. അവന്റെ കാരുണ്യം അവന്റെ എല്ലാ ദാസന്മാരിലും ഉണ്ടു്.

ഹല്ലേലൂയ്യാ, ഹല്ലേലൂയ്യാ, ഹല്ലേലൂയ്യാ.

കർത്താവു നല്ലവനാകുന്നു. . .

കർത്താവേ, നിന്റെ ദാസന്മാർ നിനക്കു സ്തോത്രം ചെയ്യും. നിന്റെ നീതിമാന്മാർ നിന്നെ സ്തുതിക്കും. നിന്റെ രാജ്യത്തിന്റെ സ്തുതി അവർ കീർത്തിക്കും. നിന്റെ ശക്തിയെക്കുറിച്ചു് അവർ സംസാരിക്കുകയും ചെയ്യും.

നിന്റെ പരാക്രമത്തേയും നിന്റെ രാജ്യത്തിന്റെ മഹത്വത്തേയും മനുഷ്യരോടു് അറിയിപ്പാൻവേണ്ടിയത്രേ.

നിന്റെ രാജ്യം എന്നേയ്ക്കുമുള്ളതാകുന്നു. നിന്റെ അധികാരം എല്ലാത്തലമുറകളിലും.

കർത്താവു തന്റെ വചനങ്ങളിൽ വിശ്വസ്തനാകുന്നു. തന്റെ സകല പ്രവൃത്തികളിലും നീതിമാനും ആകുന്നു.

വീഴുന്ന എല്ലാവരേയും കർത്താവു താങ്ങുന്നു. വളഞ്ഞിരിക്കുന്ന എല്ലാവരേയും നേരെയാക്കുന്നു.

## ഏലിയാ, സ്ലീവാ, മൂശക്കാലങ്ങളിൽ
## (സങ്കീ. 99)

കർത്താവു വാണു. വിജാതീയർ ഇളകും. അവൻ ക്രോവേമാരുടെമേൽ ഇരിക്കും. ഭൂമി ഇളകുകയും ചെയ്യും.

ഹാല്ലേലുയ്യാ, ഹാല്ലേലുയ്യാ, ഹാല്ലേലുയ്യാ.

കർത്താവു വാണു...

കർത്താവു സെഹിയോനിൽ വലിയവനാകുന്നു. സകല ജാതികളുടേയുംമേൽ ഉയർന്നവനുമാകുന്നു.

അവർ നിന്റെ ശ്രേഷ്ഠവും ഭയാനകവുമായ നാമത്തെ പുകഴ്ത്തും. എന്തുകൊണ്ടെന്നാൽ അതു പരിശുദ്ധമാകുന്നു.

രാജാവിന്റെ പ്രാബല്യം വിധിയെ സ്നേഹിക്കുന്നു. നീ സത്യവും വിധിയും ക്രമ

പ്പെട്ടത്തി. യാക്കോബിൽ നീ നീതി പ്രവർത്തിക്കയും ചെയ്തു.

നമ്മുടെ ദൈവമായ കർത്താവിനെ പുകഴ്ത്തുവിൻ. അവൻെറ പാദപീഠത്തെ ആരാധിക്കയും ചെയ്യുവിൻ.

അവൻെറ ആചാര്യന്മാരിൽ മൂശെയും അഹറോനും, അവൻെറ നാമത്തെ വിളിക്കുന്നവരിൽ ശ്മൂയേലും വിശുദ്ധരാകുന്നു. ഏന്തുകൊണ്ടെന്നാൽ അവർ കർത്താവിനോട് അപേക്ഷിച്ചു. അവൻ അവർക്ക് ഉത്തരം നൽകി.

മേഘത്തൂണവഴി അവരോട് അവൻ സംസാരിച്ചു. അവർ അവൻെറ സാക്ഷ്യത്തേയും അവൻ അവർക്ക കൊടുത്ത ഉടമ്പടിയേയും കാത്തു.

## ക്കുദാശ് എത്താക്കാലത്ത്

(സങ്കീ: 150)

കർത്താവിനെ അവൻെറ വിശുദ്ധ സ്ഥലത്ത് നിങ്ങൾ സ്തുതിക്കുവിൻ. അവൻെറ ശക്തിയുടെ ആകാശമണ്ഡലത്തിൽ അവനെ നിങ്ങൾ സ്തുതിക്കുവിൻ.

ഹല്ലേലൂയ്യാ, ഹല്ലേലൂയ്യാ, ഹല്ലേലൂയ്യാ.

കർത്താവിനെ അവൻെറ. . .

അവന്റെ ശക്തിക്കൊത്തവിധം അവനെ നിങ്ങൾ സ്തുതിക്കുവിൻ അവന്റെ മഹത്വത്തിന്റെ ആധിക്യത്തിനൊത്തവിധം അവനെ നിങ്ങൾ സ്തുതിക്കുവിൻ.

കാഹളധ്വനികൊണ്ട് അവനെ നിങ്ങൾ സ്തുതിക്കുവിൻ. വീണകൾകൊണ്ടും കിന്നരങ്ങൾകൊണ്ടും അവനെ നിങ്ങൾ സ്തുതിക്കുവിൻ.

തപ്പുകൾകൊണ്ടും മദ്ദളങ്ങൾകൊണ്ടും അവനെ നിങ്ങൾ സ്തുതിക്കുവിൻ. ഇമ്പമുള്ള തന്ത്രികൾകൊണ്ട് അവനെ നിങ്ങൾ സ്തുതിക്കുവിൻ.

ശ്രവണസുഖമുള്ള കൈത്താളങ്ങൾകൊണ്ട് അവനെ നിങ്ങൾ സ്തുതിക്കുവിൻ. ശബ്ദഘോഷംകൊണ്ടും ആർപ്പുവിളികൊണ്ടും അവനെ നിങ്ങൾ സ്തുതിക്കുവിൻ.

എല്ലാ നിശ്വാസവുംകൊണ്ട് നമുക്കു കർത്താവിനെ സ്തുതിക്കാം.

1313

Printed and Published for the
Proprietor by Rev. Fr. Cleophas C. M. I.,
at the St. Joseph's Press, Mannanam
1963.

സി. എം. ഐ
സഹായ സഹോദരന്മാരുടെ
സമൂഹപ്രാർത്ഥന

/255.7314
സി I